പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1741

10.02..2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

**ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ തസ്തികയിലെ നിയമനം**

ചോദ്യം
ശ്രീ.ഐ.ബി.സതീഷ്

മറുപടി
ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 472/2012 (ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ) പ്രകാരമുളള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്രസ്തുത തസ്തികയിൽഎത്ര ഒഴിവുകളാണ് ഉണ്ടായിരുന്നതെന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | തസ്തിക നമ്പർ 472/2012 (ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ) പ്രകാരമുളള പി.എസ്.സി. റാങ്ക് ലിസ്റ്റ് 19.12.2017 ൽ നിലവിൽ വന്നു. വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ 6 ഒഴിവുകൾ ഉണ്ടായിരുന്നതിൽ 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട് . ഒരെണ്ണം (ലോ വിഷൻ NCA - ) മാറ്റി വച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത തസ്തികയിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിലുള്ള 11 ഒഴിവുകളിൽ 2 ഒഴിവുകൾ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ - 1 ലക്ചറർ ഇൻ ഇൻസ്ട്രുമെന്റ് ടെക്നോളജി - 1)പി എസ് സി യുടെ NCA (No Candidate Available ) നിയമനത്തിനായി നീക്കി വച്ചിരിക്കുന്നു. 7 ഒഴിവുകളിലേക്ക് (തസ്തികമാറ്റത്തിനായുള്ളവ) യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ ഇപ്പോൾ നിലവിലുള്ള ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ (പോളിടെക്നിക്) |

| | | | |
|---|---|---|---|
| | | | തസ്തികയുടെ പി എസ് സി റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിന് റിപ്പോർട്ട് ചെയ്യുകയും അതിൻപ്രകാരം പി എസ് സി നിയമന ശിപാർശ നൽകുകയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 05/02/2020 ലെ ഇസി5/14538/18/ഡിടിഇ നം പ്രകാരം നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട് . 2 ഒഴിവുകൾ പ്രൊമോഷൻ മുഖേന ഉണ്ടായിട്ടുണ്ട് പ്രസ്തുത ഒഴിവുകൾ നിലവിലെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം 13:7 ക്രമീകരിക്കുന്നതിലേക്കായി തസ്തിക മാറ്റ നിയമനത്തിനായി നീക്കി വച്ചിരിക്കുന്നു. മേൽ പറഞ്ഞ 11 ഒഴിവുകളിൽ പഠനപ്രക്രിയക്ക് വിഘാതം സംഭവിക്കാതിരിക്കാൻ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ